ശമ്പളകമ്മീഷൻ റിപ്പോർട്ട്

23. [136] ശ്രീ. കെ. ഐ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പ്രതിഷേധിച്ചു 'എൻ. ജി, ഓ.'മാർ പണിമുടക്കാൻ പോകുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതൊഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ, ബി) എൻ. ജി. ഓ മാരുടെ സ്റ്റീസു സംഘടനകളിൽനിന്നും ഇതുവരെ പണിമുടക്കു നോട്ടീസുകളൊന്നും കിട്ടിയിട്ടില്ല.

24. [145] ശ്രീ. പി. വി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഗവണ്മെൻറ് സ്റ്റീസിലെ ലോവർ ഗ്രേഡ് ജീവനക്കാർ ചെയ്യേണ്ട ജോലികളും എന്തെല്ലാമെന്നും, ജോലി സമയം എത്രയെന്നും നിജപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ സ്വകാര്യ ജോലികളും ഗാർഹിക ജോലികളും ഇവരെ നിയുക്തരാക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

യൂണിവേഴ്സിറ്റി പരീക്ഷയുടെ ഉത്തരക്കടലാസുകൾ.

25. [153] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളായൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ 1969 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടന്ന ഏതെങ്കിലും പരീക്ഷയുടെ ഉത്തരക്കടലാസുകൾ എറണാകുളത്തുള്ള വേസ്റ്റേഷന്റെ പരിസരത്തുനിന്നും കണ്ടുകിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു ഏതു പരീക്ഷയുടേതാണ് ;

(സി) ഇതിനു ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എം. എ. (ഹിന്ദി) ഫൈനൽ പരീക്ഷയുടേതു്.

(സി) ഇതു് ഒരു മോഷണക്കേസാകയാൽ ബന്ധപ്പെട്ട പോലീസ് അധികൃതർ സമക്ഷം യൂണിവേഴ്സിറ്റിയിൽ നിന്നും പരാതി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly